DESPATCHED
29/01/2022

04.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1570(4)/2015/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.10092/എസ്.ഐ.സി–ജി 2/2015)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി 04.01.2022)

ശ്രീ. കെ.പി.രാജശേഖരൻ,
അരുണോദയം,
മാവൂർ പി.ഒ,
കോഴിക്കോട്- 673 661. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ)
   സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
   തിരുവനന്തപുരം. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി),
   സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
   തിരുവനന്തപുരം.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 28.01.2015 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവൃത്തന സമയം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നു പരാതിപ്പെട്ടിരിക്കുന്നു.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 06.01.2020 ൽ തിരുവനന്തപുരത്ത് കമ്മീഷൻ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3. മാവൂർ സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന സമയം രാവിലെ 9 മുതൽ വൈകിട്ട് 5 വരെ എന്നാക്കിയതിനെതിരെയാണ് പരാതി നൽകിയതെന്ന് അപ്പീൽഹർജിക്കാരൻ പറഞ്ഞു.

4. അപ്പീൽ ഹർജിക്കാരന് സമയബന്ധിതമായി കൃത്യമായ മറുപടി നൽകിയിട്ടുള്ളതാണെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. 22/2014 നമ്പരിലുള്ള സർക്കുലർ പ്രകാരമാണ് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന സമയം മാറ്റിയിട്ടുള്ളതെന്നും, ഇക്കാര്യം അപേക്ഷകന് കൃത്യമായി നൽകിയതാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി കൃത്യമായ മറുപടി നൽകിയിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. സഹകരണ ബാങ്കുകളുടെ പ്രവൃത്തി സമയം മാറ്റിയതു സംബന്ധിച്ച പരാതി പരിഹരിക്കുന്നതിന് അപേക്ഷകൻ മറ്റു നിയമപരമായ വഴികളാണ് തേടേണ്ടത്.

6. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് കമ്മീഷൻ ഇന്നേദിവസം 04.01.2022 ന് ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**